# പ്രസ്സ് റിലീസ്

കേരളത്തിൽ ട്രെയിനുകൾക്ക് നേരെയുണ്ടാകുന്ന കല്ലേറിയൽ റെയിൽവേ ലൈനുകളിൽ കല്ലുകളും മറ്റും വച്ച് തീവണ്ടികളിൽ അപകടങ്ങൾ ഉണ്ടാക്കുക, റെയിൽവേ ലൈനുകൾ മുറിച്ചു കടക്കുമ്പോൾ ട്രെയിൻ തട്ടിയുണ്ടാകുന്ന അപകടങ്ങൾ എന്നിവക്കെതിരെ കേരളാ റെയിൽവേ പോലീസും റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സും സംയുക്തമായി ഒക്ടോബർ മൂന്ന് മുതൽ ഏഴ് വരെ സംസ്ഥാനത്തെ വിവിധ റെയിൽവേ സ്റ്റേഷനുകളിൽ വച്ച് നടത്തുന്ന ബോധവൽക്കരണ പരിപാടികളുടെ ഉദ്ഘാടനം 03.10.2024 ന് രാവിലെ പതിനൊന്ന് മണിക്ക് തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിലെ ഒന്നാം നമ്പർ പ്ലാറ്റ്ഫോമിൽ തയാറാക്കിയ പ്രതേക വേദിയിൽ വച്ച് റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, തിരുവനന്തപുരം സീനിയർ ഡിവിഷണൽ സെക്യൂരിറ്റി കമ്മീഷണർ ശ്രീമതി തൻവി പ്രഫുൽ ഗുപ്തെ നിർവഹിച്ചു. കേരള റെയിൽവേ പോലീസ് സൂപ്രണ്ട് ശ്രീ. നകുൽ രാജേന്ദ്ര ദേശ്മുഖ് IPS അധ്യക്ഷത വഹിച്ച ചടങ്ങിൽ തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷൻ മാനേജർ ശ്രീ. ശിവലാൽ സംസാരിച്ചു. ബോധവത്കരണ പരിപാടികളുടെ പോസ്റ്റർ പ്രകാശനവും ഇതോടൊപ്പം നടക്കുകയുണ്ടായി. തുടർന്ന് യാത്രക്കാരുടെ അശ്രദ്ധ മൂലം ഉണ്ടാകുന്ന റെയിൽവേ അപകടങ്ങളെ സംബന്ധിച്ചും മയക്കുമരുന്ന് കടത്തിന്റെ ദൂഷ്യ വശങ്ങളും ട്രെയിനിന് നേരെ കല്ലേറിയുന്നതിന് എതിരെയും കേരള പോലീസിന്റെ സോഷ്യൽ മീഡിയ സെൽ അവതരിപ്പിച്ച 'ശുഭയാത്ര' എന്ന നാടകവും ഇതേ വേദിയിൽ അവതരിപ്പിക്കുകയുണ്ടായി.

Shri. Nakul Rajendra Deshmukh. IPS
Supdt. of Police, Railways, Kerala


ബോധവൽക്കരണ പരിപാടി
ഉദ്ഘാടനം


Alarming Rise in
RUN OVER Deaths


Alarming Rise in RUN OVER Deaths
Punishable
Galaxy S22 Ultra